"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - തിരുവനന്തപുരം നഗരസഭയിലെ സൂപ്രണ്ടായിരിക്കെ സസ്പെൻഷനിലായ ശ്രീ. ഷിബു.കെ.എം. സമർപ്പിച്ച അപ്പീൽ അപേക്ഷ -തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.2470/2024/LSGD തീയതി,തിരുവനന്തപുരം, 16-12-2024

---

പരാമർശം:-

1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.10.2024 തീയതിയിലെ LSGD/PD/34646/2024-VIGA2 നമ്പർ ഉത്തരവ്.
2. ശ്രീ. ഷിബു.കെ.എം. സർക്കാരിൽ സമർപ്പിച്ച 10.10.2024 തീയതിയിലെ അപ്പീൽ അപേക്ഷ.
3. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 28.11.2024 തീയതിയിലെ LSGD/PD/34646/2024-VIGA2 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 സസ്പെൻഷൻ ഉത്തരവിനെതിരേ തിരുവനന്തപുരം നഗരസഭയിലെ സൂപ്രണ്ടായിരുന്ന ശ്രീ. ഷിബു.കെ.എം. സമർപ്പിച്ച പരാമർശം 2 അപ്പീൽ അപേക്ഷ പ്രകാരം തിരുവനന്തപുരം നഗരസഭ കുറവൻകോണം വാർഡിൽ ശ്രീമതി ആരിഫ സൈനുദ്ദീൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന്റെ ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനായുള്ള അപേക്ഷയിൽ താൻ മനഃപൂർവ്വം തടസ്സങ്ങൾ സൃഷ്ടിക്കുകയും ആയത് പരിഹരിക്കാൻ പണം കൈപ്പറ്റുകയും അഴിമതി നടത്തുകയും ചെയ്തുവെന്ന ആരോപണത്തിൽ തന്നെ സസ്പെൻഡ് ചെയ്തിട്ടുള്ളതായും പരാതിയിൽ ആരോപിക്കുന്ന കാലയളവിൽ താൻ ആറ്റിപ്ര സോണൽ ഓഫീസിലാണ് ജോലി നോക്കി വന്നിരുന്നതെന്നും മെയിൻ ഓഫീസിലെ ഫയലിൽ തനിക്ക് യാതൊരുവിധ ഇടപെടൽ നടത്താൻ കഴിയില്ലെന്നും ബോധിപ്പിക്കുന്നു. തനിക്കെതിരേയുള്ള ആരോപണം ഏതാനും ജീവനക്കാരും ഏജന്റുമാരും നടത്തിയ ഗൂഢാലോചനയുടെയും രാഷ്ട്രീയവിവേചനത്തിന്റേയും പരിണിതഫലമാണെന്ന വസ്തുത കണക്കിലെടുത്ത് നിരപരാധിയായ തന്നെ അടിസ്ഥാനരഹിതമായ പരാതിയുടെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്ത പ്രിൻസിപ്പൽ ഡയറക്ടറുടെ ഉത്തരവ് പുനഃപരിശോധിക്കണമെന്നും പൂർണ്ണമായും കുറ്റവിമുക്തനാക്കണമെന്നും അപേക്ഷിക്കുകയുണ്ടായി.

2. മേൽ വിഷയത്തിൽ പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 3 റിപ്പോർട്ട് പ്രകാരം, തിരുവനന്തപുരം നഗരസഭ പ്രധാന ഓഫീസിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ

സൂപ്രണ്ടായിരുന്ന ശ്രീ. ഷിബു കെ.എം. ന് എതിരെ കൈക്കൂലി ആരോപണം ഉന്നയിച്ച് ശ്രീ.സൈനുദ്ദീൻ എം എന്നവർ തിരുവനന്തപുരം നഗരസഭാ സെക്രട്ടറി മുമ്പാകെ 30/09/2024 തീയതിയിൽ പരാതി സമർപ്പിക്കുകയുണ്ടായതായും, തിരുവനന്തപുരം നഗരസഭ കുറവൻകോണം വാർഡിൽ ഡോ. ആരിഫ സൈനുദ്ദീന്റെ ഉടമസ്ഥതയിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനായി അപേക്ഷ നൽകിയപ്പോൾ ശ്രീ. ഷിബു കെ.എം. ടി ഫയലിൽ മന:പൂർവ്വം തടസ്സങ്ങൾ പറഞ്ഞ് ഇടപെട്ടുവെന്നും ആയത് പരിഹരിക്കുന്നതിനായി 2 ലക്ഷം രൂപ തന്റെ പക്കൽ നിന്ന് കൈപ്പറ്റിയെന്നും പരാതിക്കാരൻ ആരോപിച്ചിരുന്നു. ടി വിഷയത്തിൽ പരാതിക്കാരനേയും എതിർകക്ഷികളേയും ഇതുമായി ബന്ധപ്പെട്ട പ്രധാന ഉദ്യോഗസ്ഥരേയും നേരിൽ കേട്ട് തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറി സമർപ്പിച്ച അന്വേഷണറിപ്പോർട്ട് പ്രകാരം ചുവടേ പറയുന്ന വസ്തുതകൾ കണ്ടെത്തിയിരുന്നു.

3. തിരുവനന്തപുരം നഗരസഭ കുറവൻകോണം വാർഡിൽ ശ്രീമതി ആരിഫ സൈനുദ്ദീൻ എന്നവരുടെ ഉടമസ്ഥതയിലുള്ള കൊമേഴ്സ്യൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായതിനെ തുടർന്ന് ഒക്കുപ്പൻസി സർട്ടിഫിക്കറ്റിനായുള്ള അപേക്ഷ മെയിൻ ഓഫീസിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സമർപ്പിച്ചിരുന്നുവെന്ന് ശ്രീമതി ആരിഫ സൈനുദ്ദീന്റെ ഭർത്താവും പരാതിക്കാരനുമായ ശ്രീ. എം. സൈനുദ്ദീൻ അറിയിച്ചിട്ടുണ്ട്. E10-85027/23 നമ്പരായ ടി ഫയലിൽ ടി.സി. അനുവദിക്കുന്നതിന് നിരവധി തടസ്സങ്ങൾ മന:പൂർവ്വം ഉണ്ടാക്കുകയും ആയത് പരിഹരിക്കുവാൻ 2 ലക്ഷം രൂപ എഞ്ചിനീയറിംഗ് വിഭാഗം സൂപ്രണ്ടായിരുന്ന ശ്രീ. ഷിബു കെ.എം. കൈപ്പറ്റുകയും ചെയ്തുതായി പരാതിക്കാരൻ ആരോപിച്ചിട്ടുണ്ട്. ടി ഫയലിൽ ഓരോ പ്രാവശ്യം ഓരോ അപാകതകൾ പറഞ്ഞ് ടി.സി. അനുവദിക്കാതിരുന്നപ്പോൾ 83 വയസ്സ് പ്രായമുള്ള തനിക്ക് മറ്റ് സഹായികളാരും ഇല്ലാതിരുന്നതിനാൽ ഓഫീസിൽ കയറി ഇറങ്ങാനുള്ള ബുദ്ധിമുട്ട് കാരണം ശ്രീ. ഷിബുകെ.എം. ആവശ്യപ്പെട്ട തുക നൽകേണ്ടി വന്നുവെന്ന് ശ്രീ. സൈനുദ്ദീൻ അറിയിച്ചു.

4. ഫയലിലെ അപാകതകൾ പരിഹരിക്കുന്നതിനായി എഞ്ചിനിയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർക്ക് നൽകാനെന്ന് പറഞ്ഞാണ് ടിയാൻ തുക ആവശ്യപ്പെട്ടത്. ടി.സി. നമ്പർ കിട്ടേണ്ട അത്യാവശ്യം ഉള്ളതിനാൽ ശ്രീ. ഷിബു കെ.എം. പറഞ്ഞ കാര്യങ്ങൾ വിശ്വസിച്ച് തന്റെ വഴുതക്കാട്ടുള്ള വീട്ടിൽ വന്ന ശ്രീ. ഷിബുവിന് 2024 ജൂൺ മാസത്തിൽ 2 ലക്ഷം രൂപ ക്യാഷായി കൈമാറുകയുണ്ടായി. ശ്രീ. ഷിബുവിനൊപ്പം കരാറുകാരനായ ശ്രീ. ഷാജഹാൻ എന്നൊരാളും വീട്ടിൽ വന്നിരുന്നു. കോസ്റ്റ് കഫെ എന്ന സ്ഥാപനത്തിന് കെട്ടിടം വാടകയ്ക്ക് നൽകുന്നതിനുള്ള എഗ്രിമെന്റ് വയ്ക്കുന്നതിനായി ടി.സി. നമ്പർ അത്യാവശ്യമായിരുന്നതിനാലാണ് 2 ലക്ഷം രൂപ SBI വെള്ളയമ്പലത്ത് നിന്ന് പിൻവലിച്ച് ശ്രീ.ഷിബുവിന് ക്യാഷായി നൽകിയത്. എന്നാൽ തുക കൈപ്പറ്റിയ ശേഷം ശ്രീ.ഷിബു തന്റെ ഫോൺ എടുക്കുകയോ ടി.സി. നമ്പർ അനുവദിക്കുന്ന വിഷയത്തിൽ ഇടപെടുകയോ ചെയ്തിരുന്നില്ല. പിന്നീട് അപേക്ഷ തദ്ദേശ അദാലത്തിൽ സമർപ്പിക്കുകയും ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഒക്കുപ്പൻസി നൽകാൻ അനുമതി നൽകുകയുണ്ടായി എന്നും ശ്രീ. എം. സൈനുദ്ദീൻ അറിയിച്ചു. ശ്രീ. ഷിബു തന്നോട് വിശ്വാസവഞ്ചന കാണിച്ചതിനാലാണ് പരാതി നൽകുന്നതെന്നും 2 ലക്ഷം രൂപ തിരികെ ലഭിച്ചാൽ തനിക്ക് പരാതിയില്ലായെന്നും പരാതിക്കാരൻ അറിയിച്ചിട്ടുണ്ട്.

5. ടി ഫയൽ കൈകാര്യം ചെയ്യുന്ന സെക്ഷൻ ക്ലർക്കുമാരെ നേരിൽ കേട്ടതിൽ സൂപ്രണ്ടിന് റോളില്ലാത്ത വിഷയങ്ങളിൽ പലപ്പോഴും ശ്രീ. ഷിബു കെ.എം. ഇടപെടാറുണ്ടെന്നും അപാകതകൾ ഉള്ള ഫയലുകളുടെ അപേക്ഷകരുമായി ടിയാൻ നിരന്തരം ഇടപെടുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് എന്നും അവർ അറിയിച്ചിട്ടുണ്ട്. സൂപ്രണ്ടിന് യാതൊരുവിധ റോളുകളും ഇല്ല എങ്കിലും പല പ്രാവശ്യവും മറ്റ് പല ഫയലുകളും സൂപ്രണ്ട് ഇത്തരത്തിൽ വാങ്ങിയിട്ടുള്ളതായി സെക്ഷൻ ക്ലാർക്ക് പറഞ്ഞിട്ടുണ്ട്. ഫയലിൽ ടി.സി. നമ്പർ അനുവദിക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ ഉൾപ്പെടുത്തി കൃത്യമായി നോട്ടുകൾ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മൊഴി നൽകിയിട്ടുണ്ട്. കവടിയാർ ദേവസ്വം ബോർഡ് റോഡ് വശത്ത് 4 മീറ്റർ വീതിയിൽ Free surrender ചെയ്യണമെന്നും ടി ഭാഗത്ത് Building line 1.50 മീറ്റർ വേണമെന്ന വ്യവസ്ഥയോടെയാണ് 3 നില കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുവാൻ സർക്കാർ ഉത്തരവായിരുന്നത്. എന്നാൽ പെർമിറ്റ് നൽകിയ സമയത്ത് സറണ്ടർ കാലതാമസം വരുന്നതിനാൽ വസ്തു സറണ്ടർ ചെയ്തുകൊള്ളാമെന്ന സത്യവാങ്മൂലം അടിസ്ഥാനമാക്കിയാണ് നഗരസഭ പെർമിറ്റ് അനുവദിച്ചിരുന്നത്. Free surrender നടന്നിട്ടില്ലാത്തതിനാൽ സർക്കാർ ഉത്തരവനുസരിച്ച് ടി.സി. അനുവദിക്കുന്നതിൽ തടസ്സങ്ങളുണ്ടായിരുന്നുവെന്നും ടി തടസ്സങ്ങളെല്ലാം നിലവിലും തുടരുന്നുണ്ട് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ മൊഴി നൽകിയിട്ടുണ്ട്. നിലവിൽ തദ്ദേശ അദാലത്തിൽ വച്ച് ടി.സി. അനുവദിക്കാൻ ഉത്തരവ് ലഭിച്ചിട്ടുണ്ട് എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

6. അപാകതകൾ ഉള്ള അപേക്ഷകളിൽ അനുകൂല നടപടിയെടുക്കണമെന്ന് എഞ്ചിനീയറിംഗ് സെക്ഷൻ മുൻ സൂപ്രണ്ടായിരുന്ന ശ്രീ. ഷിബു കെ.എം. പലപ്പോഴും നിർബന്ധിച്ചിരുന്നുവെന്നും അത്തരം ഫയൽ വിവരങ്ങൾ അന്വേഷിച്ച് വരുന്ന അപേക്ഷകർ ടിയാനൊപ്പം ഓഫീസ് സമയം കഴിഞ്ഞും ഇരിക്കുന്നത് കണ്ടിട്ടുണ്ടെന്നും ഓവർസിയർ മൊഴി നൽകിയിട്ടുണ്ട്. പെന്റിംഗ് ഫയൽ തീർപ്പാക്കാനായി അധികസമയം വൈകി ഇരിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഇത് ബുദ്ധിമുട്ട് ഉണ്ടാക്കാറുണ്ടെന്നും ടിയാൻ അറിയിച്ചിട്ടുണ്ട്. ശ്രീമതി ആരിഫ സൈനുദ്ദീന്റെ ഫയലിൽ അനുകൂല തീരുമാനത്തിനായി വൻ സമ്മർദ്ദം നേരിട്ടുണ്ടെന്നും ടി ഫയലിൽ ടി.സി. നമ്പർ കൊടുക്കാൻ സൂപ്രണ്ട് ശ്രീ. ഷിബു കെ.എം. ആവശ്യപ്പെട്ടിട്ടുണ്ടെന്നും ടിയാൻ മൊഴി നൽകിയിട്ടുണ്ട്. ക്ലർക്കുമാരിൽ നിന്നും അപാകതകൾ ഉള്ള ഫയലുകൾ ശ്രീ. ഷിബു കെ.എം. ആവശ്യപ്പെടുകയും പരിശോധിക്കുകയും ചെയ്യാറുണ്ടെന്ന് സെക്ഷൻ ക്ലർക്കിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്രകാരം അനാവശ്യ വിഷയങ്ങളിൽ ടിയാൻ ഇടപെടുന്ന കാര്യം മരാമത്ത് കമ്മിറ്റി ചെയർമാനോടും പാർലമെന്ററി പാർട്ടി നേതാവിനോടും ഡെപ്യൂട്ടി മേയറോടും നേരത്തെ പറഞ്ഞിട്ടുണ്ട് എന്നും ഓവർസിയർ പറഞ്ഞിട്ടുണ്ട്. ശ്രീ. ഷാജഹാൻ എന്ന ഏജന്റ് ശ്രീമതി ആരിഫ സൈനുദ്ദീന്റെ ഫയലിൽ പല പ്രാവശ്യം സ്വാധീനിക്കാൻ ശ്രമിച്ചിരുന്നുവെന്നും ടിയാൻ അറിയിച്ചിട്ടുണ്ട്.

7. ഹിയറിംഗിൽ, സുപ്രണ്ട് ശ്രീ. ഷിബു കെ.എം. പണം വാങ്ങിയത് നിഷേധിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാൻ തുക കൈപ്പറ്റിയിരുന്നോ എന്നത് സംബന്ധിച്ച് വ്യക്തത ഉണ്ടായിട്ടില്ലായെന്നും മറ്റ് മൊഴികളിൽ നിന്നും ടിയാന്റെ അനാവശ്യ ഇടപെടലുകൾ ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലും പരാതിക്കാരൻ പണം നൽകിയെന്ന് ഉറപ്പിച്ച് പറയുന്നതിനാലും ടി വിഷയത്തിൽ ശ്രീ.ഷിബു കെ.എം. ന് എതിരെ അച്ചടക്കനടപടി സ്വീകരിക്കേണ്ടതാണെന്നും ടിയാനെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യണമെന്നും ഡെപ്യൂട്ടി സെക്രട്ടറി ശുപാർശ ചെയ്യുകയുണ്ടായി.

8. തിരുവനന്തപുരം നഗരസഭ ഡെപ്യൂട്ടി കോർപ്പറേഷൻ സെക്രട്ടറിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ ക്ലർക്ക്, ബന്ധപ്പെട്ട ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ എന്നിവരെ കേട്ടതിൽ പരാതിയിൽ കഴമ്പുള്ളതായി മനസ്സിലാക്കുന്നുവെന്നും എന്നാൽ സൂപ്രണ്ട് ശ്രീ. ഷിബു കെ.എം. പരാതിയിലെ വിഷയങ്ങളെല്ലാം നിഷേധിച്ചിട്ടുള്ളതായും പരാതിക്കാരൻ

പണം നൽകിയിട്ടുണ്ട് എന്ന പരാതിയിൽ ഉറച്ചുനിൽക്കുന്നതായും റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ടി വിഷയത്തിൽ വിശദമായ അന്വേഷണം നടത്തുന്നതിനും ടിയാന്റെ സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടികൾ 2011-ലെ കേരള മുനിസിപ്പാലിറ്റി (ഉദ്യോഗസ്ഥരുടെ മേൽ നിയന്ത്രണം) ചട്ടങ്ങൾ 8 പ്രകാരം നഗരസഭയിൽ നിന്നും സ്വീകരിക്കാൻ നിർവാഹമില്ലാത്തതിനാൽ വിശദമായ അന്വേഷണം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതിനും ടിയാനെ അന്വേഷണ വിധേയമായി സർവീസിൽ നിന്നും സസ്പെൻഡ് ചെയ്യുന്നതിനും മേയറുടെ നിർദ്ദേശ പ്രകാരം നഗരസഭ സെക്രട്ടറി ശിപാർശ ചെയ്യുകയുണ്ടായതായും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

9. ഈ വിഷയം പരാതിക്കാരനുമായി പ്രിൻസിപ്പൽ ഡയറക്ടർ നേരിട്ട് ഫോണിൽ സംസാരിച്ചതിൽ, മേൽപ്പറഞ്ഞ കുറ്റാരോപിതനായ ഉദ്യോഗസ്ഥൻ നിരവധി തവണ അദ്ദേഹത്തെ ഫോണിൽ വിളിച്ചിട്ടുണ്ടെന്നും പലപ്രാവശ്യം വീട്ടിൽ സന്ദർശനം നടത്തിയെന്നും പറയുകയുണ്ടായതായും, ബാങ്കിൽ നിന്നും പണം പിൻവലിച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കാൻ തയ്യാറാണെന്നും പരാതിക്കാരൻ അറിയിക്കുകയുണ്ടായതായും, മേൽപ്പറഞ്ഞ വസ്തുതകളിൽ നിന്നും, ശ്രീ. എം. സൈനുദ്ദീൻ സമർപ്പിച്ച പരാതിയിൽ കഴമ്പുള്ളതായി ബോധ്യപ്പെടുകയുണ്ടായതിനാൽ, ഉത്തരവാദിത്തപെട്ട ഒരു സർക്കാർ ഉദ്യോഗസ്ഥൻ എന്ന നിലയിൽ ശ്രീ. ഷിബു കെ.എം. ന്റെ പ്രവൃത്തികൾ ഗുരുതരമായ വീഴ്ചയും അച്ചടക്കലംഘനവും കൃത്യവിലോപവും ചട്ടലംഘനവുമായി കണ്ടും ടിയാനെ സർവീസിൽ നിന്നും മാറ്റി നിർത്തി അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്ന് കണ്ടും സർക്കാരിനും വകുപ്പിനും അവമതിപ്പുണ്ടാക്കിയ എഞ്ചിനീയറിംഗ് സെക്ഷനിലെ മുൻ സൂപ്രണ്ട് ശ്രീ. ഷിബു കെ.എം. നെ, 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 ൽ അനുശാസിയ്ക്കും പ്രകാരം, അന്വേഷണവിധേയമായി സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്ത് 05.10.2024ൽ ഉത്തരവാകുകയുണ്ടായി എന്ന് പ്രിൻസിപ്പൽ ഡയറക്ടർ റി്പ്പോർട്ട് ചെയ്യുന്നു.

10. ശ്രീ. ഷിബു കെ.എം. ന് എതിരെ വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കുന്നതിന് പുറമേ, ഇരുവരും തമ്മിലുള്ള പണമിടപാടുകൾ, സി.സി.റ്റി.വി. ദൃശ്യങ്ങൾ തുടങ്ങിയ തെളിവുകൾ ശേഖരിച്ചുള്ള ഒരു വിജിലൻസ് അന്വേഷണം ഈ വിഷയത്തിൽ അനിവാര്യമെന്ന് കാണുന്നതിനാൽ, മേൽ വിഷയത്തിൽ ഒരു സമഗ്ര അന്വേഷണം സംസ്ഥാന വിജിലൻസ് വകുപ്പ് മുഖേന നടത്തുന്നതിനായി ശുപാർശ ചെയ്ത് വിശദമായ റിപ്പോർട്ട് 10.10.2024ലെ കത്ത് പ്രകാരം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നതായും പ്രിൻസിപ്പൽ ഡയറക്ടർ അറിയിക്കുന്നു.

11. ശ്രീ. ഷിബു കെ.എം. ഉം പരാതിക്കാരനും തമ്മിലുള്ള പണമിടപാടുകൾ, സി.സി.റ്റി.വി. ദൃശ്യങ്ങൾ തുടങ്ങിയ തെളിവുകൾ ശേഖരിച്ചുള്ള ഒരു പോലീസ് അന്വേഷണം ഈ വിഷയത്തിൽ അനിവാര്യമെന്ന് കണ്ട് മേൽ വിഷയത്തിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതാണെന്ന് പ്രിൻസിപ്പൽ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നഗരസഭ സെക്രട്ടറിക്കും ജില്ലാ ജോയിന്റ് ഡയറക്ടർക്കും നൽകിയിരുന്നു. കൂടാതെ മേൽ വിഷയത്തിലും ശ്രീ. ഷിബു കെ.എം ന്റെ സേവനകാലയളവിൽ ഇപ്രകാരം വീഴ്ചകൾ ഉണ്ടായിട്ടുണ്ടോ എന്നും അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് അടിയന്തിരമായി സമർപ്പിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിനും നിർദേശം നൽകിയിട്ടുണ്ട് എന്നും അറിയിക്കുന്നു. കൂടാതെ ശ്രീ.ഷിബു കെ.എം. ന് എതിരെ ശ്രീ.എം സൈനുദ്ദീൻ സമർപ്പിച്ച പരാതിയിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ മ്യൂസിയം പോലീസ് സ്റ്റേഷനിൽ

കത്ത് നൽകിയിട്ടുണ്ട് എന്ന വിവരം നഗരസഭ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളതായും അറിയിക്കുന്നു..

12. മേൽ വസ്തുതകൾ പരിശോധിക്കുമ്പോൾ ശ്രീ.ഷിബു കെ.എം, തന്റെ അപ്പീൽ അപേക്ഷയിൽ ഉന്നയിച്ചിട്ടുള്ള വാദഗതികളൊന്നും തന്നെ നിലനിൽക്കുന്നതല്ല എന്ന് കാണുന്നതായും, ശ്രീ.ഷിബു കെ.എം. ന് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായും, ടിയാൻ കൈക്കൂലി ആവശ്യപ്പെട്ടതായും അധികാര ദുർവിനിയോഗം നടത്തിയതായും, ടിയാനെ സർവീസിൽ നിന്നും മാറ്റി നിർത്തി സമഗ്രമായ അന്വേഷണം നടത്തേണ്ടത് അനിവാര്യമാണെന്നും കാണുന്നതിനാൽ ടിയാനെ ഉടനടി സർവ്വീസിൽ പുനപ്രവേശിപ്പിക്കേണ്ടതില്ലെന്നും, ശ്രീ.ഷിബു കെ.എം സമർപ്പിച്ച അപ്പീൽ പരിഗണനാർഹമല്ലെന്ന് പ്രിൻസിപ്പൽ ഡയറക്ടർ അഭിപ്രായപ്പെടുകയുണ്ടായി.

13. സർക്കാർ ഇക്കാര്യം പ്രിൻസിപ്പൽ ഡയറക്ടറുടെ മേൽ റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചതിൽ അടിസ്ഥാനരഹിതമായ പരാതിയുടെ അടിസ്ഥാനത്തിലാണ് തന്നെ സസ്പെൻഡ് ചെയ്തതെന്ന ശ്രീ.ഷിബു കെ.എം-ന്റെ വാദങ്ങൾ വസ്തുതാപരമല്ലായെന്നും ടിയാൻ കൈക്കൂലി ആവശ്യപ്പെട്ടതായും അധികാര ദുർവിനിയോഗം നടത്തിയതായും കാണുന്നു. കൂടാതെ ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണത്തിനായി സർക്കാരിൽ ശുപാർശ ചെയ്തിട്ടുള്ളതും ആയത് പരിശോധിച്ച് വരുന്നതുമാണ്. ശ്രീ. ഷിബു കെ.എം.നെതിരേ കൂടുതൽ അന്വേഷണം നടത്തുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ഇന്റേണൽ വിജിലൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുള്ളതിനാലും ശ്രീ.എം സൈനുദ്ദീൻ സമർപ്പിച്ച പരാതിയിൽ ക്രൈം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതിനാലും ടിയാന്റെ സസ്പെൻഷൻ റദ്ദാക്കണമെന്ന ആവശ്യം നിലവിൽ പരിഗണിക്കാവുന്നതല്ല എന്നും കാണുന്നു.

14. മേൽ സാഹചര്യത്തിൽ പ്രിൻസിപ്പൽ ഡയറക്ടറുടെ സസ്പെൻഷൻ ഉത്തരവിനെതിരായി തിരുവനന്തപുരം നഗരസഭയിലെ സൂപ്രണ്ടായിരുന്ന ശ്രീ. ഷിബു.കെ.എം. സമർപ്പിച്ച അപ്പീൽ അപേക്ഷ പരിഹണനാർഹമല്ലായെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. ഷിബു.കെ.എം., സൂപ്രണ്ട്( Under suspension),തിരുവനന്തപുരം നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 19-12-2024 16:14:21
സെക്ഷൻ ഓഫീസർ